സ്റ്റേഷനിലും മാരോ ജീപ്പെങ്കിലും ഉണ്ടായിരിക്കണമെന്ന്. അത് ആവശ്യമാണെന്ന ഗവ ൺമെണ്ടിനു് ബോദ്ധ്യമുണ്ടെങ്കിലും അതിനാവശ്യമുള്ള പണം തല്ക്കാലം വിനിയോഗിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് എല്ലാ സ്റ്റേഷനിലും ഇപ്പോൾ വാൻ കൊടുക്കാത്തതു്. മി. ശ്രീധറിന്റെ നിർദ്ദേശം നല്ലതാണെന്ന ഗവൺമെൻറ് സമ്മതിക്കുന്നു. പിന്നിട് കാർ വാങ്ങിച്ചതിനെ സംബന്ധിച്ചു് ഇവിടെ ചോദ്യങ്ങളുണ്ടായി. കാർ മൂന്നിനും കൂടി ഉള്ള വില നാല്പത്തിയറായിരത്തി തൊള്ളായിരത്തി മുപ്പത്തിയൊന്ന രൂപാ നാലണയാണ്. അതുകെ മുപ്പത്തിയൊരായിരത്തി എഴുനൂറു രൂപ മെഷീൻ മുതലായവക്കും പതിനോരായിരത്തി എഴുനൂറു രൂപാ ബാഡി പണിയുന്നതിലേക്കും രണ്ടായിരത്തി ഞ്ഞൂററി എൺപത്തിയൊന്ന രൂപാ നാലണ സെയിൽസ് ടാക്സിനും കൂടിയാണ്.

ശ്രീ. ഇട്ടീരാ അമ്മുക്കൻ: ഇതിനു കാൺട്രാക്റ്റ് കൊടുത്തതു് ആരാണു്.

ശ്രീ. എ. ജെ. ജാൺ: ഐ. ജി.

ശ്രീ. പി. ടി. ചാക്കോ: ഇതുകൂടാതെ കട്ട്സൺ കാർ വാങ്ങിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു: ഗവൺമെൻറ് കൺഫേം ചെയ്തിട്ടല്ലേ ഐ. ജി. കാൺട്രാക്റ്റ് കൊടുത്തതു്?

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീ. ഇട്ടീരാ അമ്മുക്കൻ: ആക്കാണു് കാൺട്രാക്റ്റ് കൊടുത്തതു്?

ശ്രീ. എ. ജെ. ജാൺ: കേളുനായർ കാർപ്പറേഷനു്.

ശ്രീ. ഇട്ടീരാ അമ്മുക്കൻ: സർ, അതിലെ മാനേജരായ മി. കൊളുത്തുങ്കൽ പോത്തൻ ഒരു കമ്മ്യൂണിസ്റ്റാണെന്നറിയാമോ?

(No answer).

Mr. Speaker: The question is:

"That a sum of Rs. 47,000 be granted under 16 (*a*) Police—Contingencies—Purchase and Upkeep of Motor Vehicles".

The demand was passed and the grant was made

21. Public Health and Sanitation

Sri. A. J. John: Sir, I move for a supplementary grant of Rs. 4,300 under Demand 21. Public Health and Sanitation—A. Public Health (f) Control of Filariasis—Contingencies. മനിസിപ്പാലിറ്റികൾക്കു് ഗ്രാൻറ് കൊടുക്കുന്നതിനു മുപ്പത്തിമൂവായിരത്തി അഞ്ചുറു രൂപയാണു് അനുവദിച്ചിരുന്നതു്. അതു പോരാതെവന്നിട്ടുണ്ടു്. അതുകൊണ്ടാണു് അഡീഷനലായി ഈ തുക ആവശ്യപ്പെട്ടിരിക്കുന്നതു്. പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെണ്ടിൽ നിന്നും കൊയിലോൺ, കോട്ടയം, ആലപ്പുഴ, നാഗർകോവിൽ ഈ സ്ഥലങ്ങളിൽ കൊതുകു നിവാരണം സംബന്ധിച്ചുള്ള നടപടികൾ നടത്തുന്നുണ്ടു്. നാഗർകോവിൽ മുനിസിപ്പാലിറ്റിക്കു് ൩൦൦ രൂപാ വിശേഷാൽ ഗ്രാൻറ് കൊടുത്തിട്ടുണ്ടു്. കോട്ടയത്തിനു ൫൫൫ രൂപാ ഫൻ ചക്രം വു കാശു് ഗ്രാൻറായി കൂടുതൽ കൊടുത്തിട്ടുണ്ടു്. ആലപ്പുഴക്കു് ൧൫൦ രൂപാ കൂടുതലായി കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: സർ, രൂപാ ചക്രം കാശു് ഇപ്പോൾ ഗവൺമെൻറ് ട്രാൻസാക്ഷൻസു് ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇതു് അന്നത്തെ കണക്കനുസരിച്ചുള്ള ചെലവാണു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: സർ, കൊല്ലത്തെ കൊതുകുനിവാരണജോലി വിജയത്തിലെത്തിയിട്ടില്ല. കാരണം അവിടത്തെ മുനിസിപ്പാലിറ്റിയിൽ നിന്നുമല്ല ഈ ജോലി നടത്തുന്നതു്. പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെണ്ടിലുള്ള ആളുകളാണു് ഈ ജോലി നടത്തുന്നതു്. ചില ഭാഗങ്ങളിൽ കൊതുകിന്റെ ശല്യം വളരെ വർദ്ധിച്ചിട്ടുണ്ടു്. ഇതിനെസംബന്ധിച്ചു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ഇട്ടീരാ അമ്മുക്കൻ: ഈ കൊതുകു് നിവാരണത്തിനു് എന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: എന്തെല്ലാമോ തൈലങ്ങൾ തളിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. ഇയ്യു: ഇരിങ്ങാലക്കുട, തൃശ്ശൂർ, കുന്നംകുളം മുതലായ സ്ഥലങ്ങളിൽ കൊതുകിന്റെ ശല്യം ഉണ്ടെന്ന ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പറഞ്ഞപ്പോൾ ബോദ്ധ്യപ്പെട്ടു.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: മുനിസിപ്പാലിറ്റികളെക്കൊണ്ട് ഇതെല്ലാം ചെയ്യിക്കാൻ പാടില്ലേ?

ശ്രീ. എ. ജെ. ജാൺ: തല്ക്കാലം പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറുകളിൽനിന്നും മുനിസിപ്പാലിറ്റി മുഖേന നടത്തുന്നു. മേജർ മുനിസിപ്പാലിറ്റികളും പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെണ്ടിന്റെ സഹായത്തോടുകൂടിയാണ് നടത്തുന്നതു്. അതിൽ അൻപതു ശതമാനം ചെലവു് പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെണ്ടും ബാക്കി അൻപതു ശതമാനം മുനിസിപ്പാലിറ്റിയും ആണ് വഹിക്കുന്നതു്. കൊതുകു നിവാരണത്തിനു വേണ്ട നടപടി എടുക്കുന്നതാണു്. കൊല്ലത്തെന്നല്ല, സ്റ്റേറ്റിനൊട്ടാകെത്തന്നെ കൊതുകു നിവാരണ നടപടിക്കു് ബഡ്ജറ്റിൽ തുക ചേർത്തിട്ടുണ്ടു്. ഇത്രയുംമാത്രമെ തല്ക്കാലം പ്രസ്താവിക്കാനുള്ളൂ.

Mr. Speaker: The question is:

"That a sum of Rs. 4,300—be granted under 21—Public Health and Sanitation—A. Public Health (f) Control of Filariasis—Contingencies."

The demand was passed and the grant was made

23 B Food Production

Minister for Public Works, Communications, etc., **Sri. E. John Philipose:** I move for a supplementary grant of Rs. 15 lakhs under 23 B Food Production. This amount is necessary for adjusting accounts with regard to the subsidized rates at which manure has been distributed throughout the country. All manure was purchased under debt head advances and it is necessary to make adjustments in the light of the subsidy that has been given.

Sri. K. P. Nilakanta Pillai: What is the subsidy allowed to the purchasers of manure?

Sri. E. John Philipose: It is 50 per cent in Kuttanad area and 33 1/3 per cent in other areas.

Sri. A. Thanu Pillai: May I know what is the amount for which manure was purchased during the current financial year? Some amount was provided for 7½ months of 1125. What is the amount?

Sri. E. John Philipose: Including the stock in hand Government have distributed manure to the value of 24 lakhs. But the actual purchase was to the tune of 20 lakhs.

Sri. A. Thanu Pillai: Am I to take it that manure worth 24 lakhs was distributed in the current financial year?

Sri. E. John Philipose: Yes.

Sri. A. Thanu Pillai: Then may I know whether it is in respect of 24 lakhs that the 15 lakhs subsidy is now asked for?

Sri. E. John Philipose: No. It is also with respect to certain outstandings to be paid for the years 123, 124 and this year.

Sri. A. Thanu Pillai: Then may I know the amounts that were outstanding in those respective years?

Sri. E. John Philipose: In 14th Kumbham 1124 the amount was Rs. 11,71,683; on 1st Chingam 1125 the amount is seen as 2,43,151 rupees.

Sri. A. Thanu Pillai: What do those figures represent?

Sri. E. John Philipose: It is the subsidized stock from the month of Kumbhom which was revived in 1125. During that period there has been no distribution of manure at subsidized rates. Hence from 1st Chingom 1125 the subsidized rate amounted to Rs. 2 lakhs odd.

Sri. A. Thanu Pillai: So am I to take it that the subsidy required for manure supplied in the current financial year is only about 2 lakhs odd?

Sri. E. John Philipose: It comes close to about 3 lakhs.

Sri. A. Thanu Pillai: That means that the remaining 12 lakhs odd is required for 1123 and 1124. Am I right?

Sri. E. John Philipose: Yes.

LIBRARY ARCHIVES Kerala Legislative Assembly